**പതിനാലാം കേരള നിയമസഭ**
**നാലാം സമ്മേളനം**

## സിവിൽ പോലീസ് ഓഫീസർ തസ്തികയുടെ പി.എസ്.സി. റാങ്ക് ലിസ്റ്റ്

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 3525** **14/03/2017-ൽ മറുപടിക്ക്**

**ചോദ്യം**
**ശ്രീ.അടൂർ പ്രകാശ്**

**മറുപടി**
**പിണറായി വിജയൻ**
**(മുഖ്യമന്ത്രി)**

| | | | |
|---|---|---|---|
| (എ) | സിവിൽ പോലീസ് ഓഫീസർ തസ്തികയുടെ പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ ; പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നും പൊതു വിഭാഗത്തിൽ എത്ര പേർക്ക് നിയമനം നൽകിയിട്ടുണ്ട് ; | (എ) | വിവരം ശേഖരിച്ചു വരുന്നു. |
| (ബി) | സിവിൽ പോലീസ് ഓഫീസർമാരുടെ പുതിയ തസ്തിക സൃഷ്ടിക്കണമെന്ന ഡി.ജി.പി.യുടെ ശുപാർശ പരിഗണനയിലുണ്ടോ ; എത്ര തസ്തികകൾ സൃഷ്ടിക്കണമെന്നാണ് ശുപാർശ ചെയ്തിട്ടുള്ളത് ; | (ബി) | പരിഗണനയിലുണ്ട്. 2016-17-ൽ ബഡ്ജറ്റിൽ പ്രഖ്യാപിച്ച 7 പോലീസ് സ്റ്റേഷൻകൾക്കുവേണ്ടി 193 സിവിൽ പോലീസ് ഓഫീസർ, ഇതിനുപുറമേ 669 സി.പി.ഒ, സൈബർ ക്രൈം ഇൻവെസ്റ്റിഗേഷൻ തുടങ്ങുന്നതിനായി 177 സി.പി.ഒ. തസ്തികകൾ എന്നിവ സൃഷ്ടിക്കുന്നതിനുള്ള സംസ്ഥാന പോലീസ് മേധാവിയുടെ ശുപാർശ സർക്കാർ പരിശോധിച്ചു വരുന്നു. |
| (സി) | ക്രമസമാധാന പാലനത്തിന് ആവശ്യമായ പോലീസ് ഫോഴ്സ് ഇല്ല എന്ന വസ്തുത പരിഗണിച്ച് പുതിയ തസ്തിക സൃഷ്ടിച്ച് പി.എസ്.സി. ലിസ്റ്റിൽ നിന്നുള്ള നിയമനം ത്വരിതപ്പെടുത്തുമോ ? | (സി) | 1200 റിക്രൂട്ട് പോലീസ് കോൺസ്റ്റബിൾമാർക്ക് പരിശീലനം നൽകുന്നതിന് തുടർ അനുമതി നൽകുന്നതോടൊപ്പം 200 അധിക താൽക്കാലിക തസ്തികകൾ കൂടി സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന്റെ അന്തിമ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ